## ബസ് കഴുകിക്കൊണ്ടിരിക്കെ ഹൃദയാഘാതം മൂലം മരിച്ച കണ്ടക്ടറുടെ ആശ്രിതർക്ക് 6,17,360 രൂപ നഷ്ടപരിഹാരം

### മദ്രാസ് ഹൈക്കോടതി

C.M.A. No. 3438/2019 Dt. 2.12.2020

ശാരദ x ഭാരതി ഹയർ സെക്കൻ്ററി സ്കൂൾ

ഭാരതി ഹയർ സെക്കൻ്ററി സ്കൂളിൻ്റെ ഉടമസ്ഥതയിലുള്ള സ്കൂൾ ബസ്സിൽ കണ്ടക്ടറായാണ് മുരുകൻ എന്നയാൾ നിയമിതനായത്. കണ്ടക്ടർ ആണെങ്കിലും ബസ് കഴുകൽ അടക്കമുള്ള പല ജോലികളും മേനേജ്മെൻ്റ് അയാളെക്കൊണ്ട് ചെയ്യിച്ചിരുന്നു. 2010-ൽ ഒരു ദിവസം പതിവുപോലെ അയാൾ ജോലിയുടെ ഭാഗമായി ബസ് കഴുകിക്കൊണ്ടിരിക്കെ അയാൾക്ക് ഹൃദയാഘാതമുണ്ടാകുകയും അയാൾ തൽക്ഷണം മരണമടയുകയും ചെയ്തു. അമിതമായ ജോലിഭാരവും തന്മൂലമുണ്ടായ മാനസിക ക്ലേശവും പിരിമുറുക്കവും കാരണമാണ് തൊഴിലാളി മരിക്കാനിടയായതെന്നും ഹൃദയാഘാതം മൂലമുണ്ടായ മരണം തൊഴിലപകടമാണെന്നും ആരോപിച്ച് മരിച്ച തൊഴിലാളിയുടെ ഭാര്യയും പെൺമക്കളും നഷ്ടപരിഹാരം ആവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കി. അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം വേണമെന്നാണ് മരിച്ചയാളുടെ ആശ്രിതർ ആവശ്യപ്പെട്ടത്. തൊഴിലുടമയുടെയും ഇൻഷുറൻസ് കമ്പനിയുടെയും തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ് ആശ്രിതർക്ക് നഷ്ടപരിഹാരം നല്കണമെന്ന് കമ്മീഷണർ വിധിച്ചു. മരിച്ച തൊഴിലാളിയുടെ പ്രതിമാസ ശമ്പളം വെറും നാലായിരം രൂപയായി നിശ്ചയിച്ചാണ് കമ്മീഷണർ നഷ്ടപരിഹാര തുക കണക്കാക്കിയത്. മൃതദേഹ സംസ്കാര ചെലവിലേക്ക് അയ്യായിരം രൂപ നല്കണമെന്നും കമ്മീഷണർ ഉത്തരവിട്ടെങ്കിലും മൊത്തം തുക കണക്കുകൂട്ടിയപ്പോൾ പ്രസ്തുത സംഖ്യ കണക്കിലെടുത്തില്ല. അങ്ങനെ നഷ്ടപരിഹാരമായി 3,06,180 രൂപ തൊഴിലുടമയും ഇൻഷുറൻസ് കമ്പനിയും ചേർന്ന് നല്കണമെന്നാണ് കമ്മീഷണർ ഉത്തരവിട്ടത്. ഇതിനെതിരെ മരിച്ച തൊഴിലാളിയുടെ ആശ്രിതർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. തൊഴിലാളിയുടെ കുറഞ്ഞ വേതനം എണ്ണായിരം രൂപയായി കണക്കാക്കണമെന്ന് വ്യവസ്ഥയുള്ളപ്പോൾ കമ്മീഷണർ അത് നാലായിരം രൂപയായി കണക്കാക്കിയതും മൊത്തം നഷ്ടപരിഹാര തുകയിൽ മൃതദേഹ സംസ്കാര ചെലവിനുള്ള അയ്യായിരം രുപ ഉൾപ്പെടുത്താതിരുന്നതും തെറ്റാണെന്ന് ആശ്രിതർ വാദിച്ചു. ആശ്രിതർ അഞ്ച് ലക്ഷം രൂപ മാത്രമാണ് നഷ്ടപരിഹാരമായി ആവശ്യപ്പെട്ടതെന്നും അതിനാൽ കമ്മീഷണറുടെ ഉത്തരവിൽ തെറ്റില്ലെന്നും തൊഴിലുടമയും ഇൻഷുറൻസ് കമ്പനിയും വാദിച്ചു. ആവശ്യപ്പെട്ട തുക എത്രയായാലും നിയമാനുസൃതം അർഹമായ തുക നഷ്ടപരിഹാരമായി അനുവദിക്കാൻ കമ്മീഷണർ നിയമപരമായി ബാധ്യസ്ഥനാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. അതിനാൽ കുറഞ്ഞ തുക അനുവദിച്ചതിന് ന്യായീകരണമില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. തൊഴിലാളിയുടെ കുറഞ്ഞ ശമ്പളം എണ്ണായിരം രൂപയായി കണക്കിലെടുത്ത ഹൈക്കോടതി മൊത്തം 6,17,360 രൂപ 12% പലിശ സഹിതം ഇൻഷുറൻസ് കമ്പനി ഒരു മാസത്തിനുള്ളിൽ മരിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് നല്കണമെന്ന് ഉത്തരവിട്ടു.